പ്രീഡിഗ്രി ബോർഡ് സമരത്തിന്റെ ഒത്തുതീർപ്പു വ്യവസ്ഥകൾ

530. [725] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതിനെതിരായി നടന്ന സമരത്തിന്റെ ഒത്തുതീർപ്പു വ്യവസ്ഥകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(1) വൈസ് ചാൻസലർമാരുടെ കമ്മിറ്റി ബോർഡ് രൂപീകരണത്തിന്റെ വിശദാംശങ്ങളെപ്പറ്റി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തുന്നതാണ്.

(2) കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിക്കുന്ന മുറയ്ക്ക് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായും ജീവനക്കാരുടെ പ്രതിനിധികളുമായും ചർച്ച ചെയ്തശേഷം യുക്തമായ തീരുമാനം എടുക്കുന്നതാണ്. അതുവരെ ഇതിൻമേൽ യാതൊരു നടപടിയും സ്വീകരിക്കുന്നതല്ല.

(3) പ്രതികാര നടപടികൾ സ്വീകരിക്കുന്നതല്ല.

(4) അക്രമസ്വഭാവമുള്ള കേസുകളും നടപടികളും പിൻവലിക്കുന്നതല്ല. അതൊഴികെയുള്ള കേസുകളും നടപടികളും പിൻവലിക്കുന്നതാണ്.

വിദ്യാർത്ഥികൾക്കു ആവശ്യമായ പാഠപുസ്തകങ്ങൾ എത്തിക്കാൻ നടപടി

531. [728] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാലയങ്ങളിൽ അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾതന്നെ വിദ്യാർത്ഥികൾക്കാവശ്യമായ മുഴുവൻ പാഠപുസ്തകങ്ങളും യഥാസമയം എത്തിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പാഠപുസ്തകങ്ങൾ വിദ്യാർത്ഥികൾക്കു യഥാസമയം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റ്

532. [729] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുസ്തകങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ സംസ്ഥാനത്തെ ഗ്രന്ഥശാലകൾക്ക് നൽകിവരുന്ന വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഗ്രന്ഥശാലകളുടെ വാർഷിക ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ഒരു നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) വിശദാംശങ്ങൾ തീരുമാനമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly